**നമ്പർ: ജി1/49325/2018 റ്റിസി**
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം
തിരുവനന്തപുരം സിറ്റി
**തീയതി:** .08.2017

## ദർഘാസ് നോട്ടീസ്

വിഷയം:- ഓണം വാരാഘോഷം 2018 - സുരക്ഷാ ക്രമീകരണങ്ങൾ-

CCTV ക്യാമറകൾ സ്ഥാപിക്കുന്നത് - സംബന്ധിച്ച്

കേരള സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന **2018** ലെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ സുരക്ഷാ ക്രമീകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ നടക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ മേഖലകളിൽ **24.08.2018 മുതൽ 30.08.2018** വരെയുള്ള കാലയളവിൽ 10 വീഡിയോ ക്യാമറ, 100 CCTV ക്യാമറകളും 20 പബ്ലിക് അഡ്രസ്സ് സിസ്റ്റവും താത്കാലിക അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

പ്രസ്തുത പ്രവൃത്തിയിൽ താത്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച കവറിൽ ക്വട്ടേഷൻ തിരു. സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. അതിനോടൊപ്പം **Rs. 500/-** നിരതദ്രവ്യം അടച്ച രസീതും ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ **19.08.2018** ന് വൈകുന്നേരം **04.00** മണി മുൻപായി തിരു. സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

സമയപരിധി കഴിഞ്ഞു സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല. ഈ സംഗതിയിൽ യാതൊരു വിധ മുന്നറിയിപ്പും കൂടാതെ പ്രസ്തുത ദർഘാസ് നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം തിരു. സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

തിരു. സിറ്റി ജില്ലാ പോലീസ് മേധാവി

പകർപ്പ്: അസിസ്റ്റന്റ് കമ്മീഷണർ, കൺട്രോൾ റൂം, തിരു. സിറ്റി (അനന്തരനടപടിക്കായി )